# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി.28.05.2018

### ലോക പരിസ്ഥിതി ദിനാചരണം: സംസ്ഥാനതല ഉദ്ഘാടനം കൊല്ലത്ത്

ഇക്കൊല്ലത്തെ ലോക പരിസ്ഥിതിദിനാചരണ പരിപാടികൾ ജൂൺ അഞ്ചിന് കൊല്ലത്ത് നടക്കും. പ്ലാസ്റ്റിക് മാലിന്യത്തിനെതിരെ പോരാടുക എന്ന ആഹ്വാനത്തോടെയാണ് ഈ വർഷത്തെ ലോകപരിസ്ഥിതി ദിനം ആചരിക്കുന്നത്. ഇന്ത്യയാണ് ഇത്തവണത്തെ ആതിഥേയ രാജ്യം. വനം വകുപ്പിന്റെ സാമൂഹ്യവനവത്ക്കരണ വിഭാഗം 81 ലക്ഷം വൃക്ഷത്തൈകളാണ് ഇതോടനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ വിതരണത്തിനായി തയ്യാറാക്കിയിട്ടുള്ളത്. ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം ശ്രീനാരായണ പബ്ലിക് സ്കൂളിൽ രാവിലെ 10.30-ന് വനം വകുപ്പുമന്ത്രി അഡ്വ.കെ.രാജു നിർവ്വഹിക്കും.

കൊല്ലം നഗരത്തെ ഹരിത നഗരമാക്കികൊണ്ടുള്ള പ്രഖ്യാപനം, വനമിത്ര പുരസ്കാരങ്ങളുടെ വിതരണം എന്നിവയും വനംമന്ത്രി നിർവ്വഹിക്കും. ഹരിതകേരളം പദ്ധതിയുടെ ഭാഗമായ വൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ നിർവ്വഹിക്കും. എം.നൗഷാദ് എം.എൽ.എ. അദ്ധ്യക്ഷത വഹിക്കും. കൊല്ലം മേയർ അഡ്വ. വി രാജേന്ദ്ര ബാബു പരിസ്ഥിതിദിന സന്ദേശം നൽകുന്ന ചടങ്ങിൽ എൻ.കെ. പ്രേമചന്ദ്രർ എം.പി മുഖ്യപ്രഭാഷണം നടത്തും. വനംവകുപ്പ് പ്രസിദ്ധീകരണമായ അരണ്യത്തിന്റെ പരിസ്ഥിതിദിനപ്പതിപ്പ് കൊടിക്കുന്നിൽ സുരേഷും, വൃക്ഷത്തൈകളുടെ അതിജീവന സർവ്വേ റിപ്പോർട്ട് കെ. സോമപ്രസാദ് എം.പി.യും പ്രകാശനം ചെയ്യും.

എം.എൽ.എ. മാരായ എം. മുകേഷ്, ജി.എസ്.ജയലാൽ, എൻ.വിജയൻപിള്ള, ആർ.രാമചന്ദ്രൻ, കോവൂർ കുഞ്ഞുമോൻ, കെ.ബി. ഗണേഷ്കുമാർ, മുല്ലക്കര രത്നാകരൻ, അഡ്വ. പി. ഐഷാപോറ്റി, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സി. രാധാമണി, വനം വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണു, കളക്ടർ ഡോ. എസ്. കാർത്തികേയൻ, മറ്റ് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷിനേതാക്കൾ തുടങ്ങിയവർ സംസാരിക്കും. മുഖ്യ വനംമേധാവി പി.കെ.കേശവൻ സ്വാഗതമാശംസിക്കുന്ന ചടങ്ങിന് സോഷ്യൽ ഫോറസ്ട്രി പി.സി.സി.എഫ്. കെ.എ. മുഹമ്മദ് നൗഷാദ് കൃതജ്ഞത അർപ്പിക്കും. ചടങ്ങിനോടനുബന്ധിച്ച് പരിസ്ഥിതി ബോധവത്ക്കരണ റാലി, കലാപരിപാടികൾ എന്നിവയും നടക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-19/18